# ബാലുശ്ശേരിയിൽ നീര ഉത്പാദനത്തിന് തുടക്കം

ബാലുശ്ശേരി: പോപ്പുലർ കോക്കനട്ട് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ നീര ഉത്പാദനത്തിന് തുടക്കമായി. എക്സൈസ് വകുപ്പ് തിരഞ്ഞെടുത്ത തെങ്ങുകൾ അടയാളപ്പെടുത്തി പുരുഷൻ കടലുണ്ടി എം.എൽ.എ. നീര ഉത്പാദന പരിപാടി ഉദ്ഘാടനം ചെയ്തു. പേരാമ്പ്ര സർക്കിൾ എക്സൈസ് അസിസ്റ്റന്റ് ഇൻസ്പെക്ടർ കെ. ഹമീദ് നീര ഉത്പാദനത്തെക്കുറിച്ച് വിശദീകരിച്ചു. ഫെഡറേഷൻ പ്രസിഡന്റ് കെ. ഗോപാലൻ അധ്യക്ഷത വഹിച്ചു. കെ.കെ. പത്മനാഭൻ, അനിൽകുമാർ, അബ്ദുൾസമദ്, പി.പി. ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.നീര ഉത്പാദിപ്പിക്കുന്നതിനുവേണ്ടി 100 കർഷകർക്ക് ഉടൻ പരിശീലനം നൽകുമെന്ന് ഫെഡറേഷൻ ഭാരവാഹികൾ അറിയിച്ചു.



ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ നീര ഉത്പാദനം പുരുഷൻ കടലുണ്ടി എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു